# ചൈൽഡ്കെയർ പാൻഡെമിക് EBT (P-EBT) യെയും സമ്മർ ചൈൽഡ്കെയർ P-EBTയെയും കുറിച്ച് ആവർത്തിച്ച് ചോദിക്കപ്പെടുന്ന ചോദ്യങ്ങൾ (**പുതിയത്)

2021-2022 സ്കൂൾ വർഷം (*ഓഗസ്റ്റ് 5, 2022)*

---

**ചോദ്യം1: എന്താണ് ചൈൽഡ്കെയർ P-EBT?**
ഉത്തരം: ഇത് കോവിഡ്-19 മഹാമാരിയുടെ സമയത്ത് 6 വയസ്സിൽ താഴെയുള്ള കുട്ടികളുള്ള കുടുംബങ്ങളെ സഹായിക്കുവാനായി ഫെഡറൽ ഗവൺമെന്റ് അംഗീകരിച്ച ഒരു താല്ക്കാലിക ഭക്ഷണ ആനുകൂല്യമാണ്.

---

**ചോദ്യം2: ആർക്കാണ് ചൈൽഡ്കെയർ P-EBT ആനുകൂല്യത്തിന് അർഹതയുള്ളത്?**
ഉത്തരം: 6 വയസ്സിൽ താഴെയുള്ള കുട്ടികളുള്ള 3SquaresVT ആനുകൂല്യങ്ങൾ ലഭിക്കുന്ന വെർമോണ്ട് കുടുംബങ്ങൾ. സെപ്റ്റംബർ 2021 തുടങ്ങി ജൂൺ 2022 വരെ ഓരോ മാസത്തേക്കും യോഗ്യതയുള്ള കുടുംബങ്ങൾക്ക് ചൈൽഡ്കെയർ P-EBT ആനുകൂല്യങ്ങൾ നല്കും.

---

**ചോദ്യം3: എത്രയാണ് ചൈൽഡ്കെയർ P-EBT ആനുകൂല്യം?**
ഉത്തരം: സെപ്റ്റംബർ 2021 - ജനുവരി 2022 വരെ ഒരു കുട്ടിക്ക് പ്രതിമാസം $32.31 ആണ് ചൈൽഡ്കെയർ P-EBT ആനുകൂല്യം. ഫെബ്രുവരി - ജൂൺ 2022 വരെയുള്ള നിരക്ക് ഒരു കുട്ടിക്ക് പ്രതിമാസം $33.55 ആണ്.

---

**ചോദ്യം4: എത്രയാണ് വേനൽക്കാല ചൈൽഡ്കെയർ P-EBT ആനുകൂല്യം?**
ഉത്തരം: ആകെ വേനൽക്കാല ചൈൽഡ്കെയർ P-EBT ആനുകൂല്യം ഒരു കുട്ടിക്ക് $391 വീതമാണ്. പതിവ് പ്രതിമാസ ചൈൽഡ്കെയർ ആനുകൂല്യത്തിനു വിരുദ്ധമായി, വേനൽക്കാല ചൈൽഡ്കെയർ P-EBT ആനുകൂല്യം വേനൽക്കാല മാസങ്ങളായ ജൂലൈ, ഓഗസ്റ്റ് എന്നിവയ്ക്കു വേണ്ടിയുള്ള ഒരു ഫ്ളാറ്റ്-റേറ്റ് ഒറ്റത്തവണ ആനുകൂല്യമാണ്.

---

**ചോദ്യം5: എപ്പോഴായിരിക്കും ചൈൽഡ്കെയർ P-EBT ആനുകൂല്യങ്ങൾ നല്കുന്നത്?**
ഉത്തരം: ഒന്നാം വട്ട ആനുകൂല്യങ്ങൾ (സെപ്റ്റംബർ 2021 - ജനുവരി 2022 വരേയ്ക്കുള്ളത്) ജൂൺ 2022 ആദ്യം നല്കും. P-EBT ചൈൽഡ്കെയർ ആനുകൂല്യത്തിന് അർഹരായ കുട്ടികൾക്ക് സെപ്റ്റംബർ മുതൽ ജനുവരി വരെയുള്ള ആനുകൂല്യ മാസങ്ങളിൽ കുടുംബത്തിന് 3SquaresVT ആനുകൂല്യങ്ങൾ ലഭിക്കുന്ന ഓരോ മാസത്തിനും ഒരു പേയ്മെന്റ് ലഭിക്കും.

2022 ഫെബ്രുവരി - ജൂൺ വരെ ലഭിക്കേണ്ട ആനുകൂല്യങ്ങൾ സെപ്റ്റംബറിൽ നല്കും.

ജൂലൈയിൽ 3SquaresVT-ക്ക് അർഹരായ കുടുംബങ്ങൾക്ക് സെപ്റ്റംബറിൽ സമ്മർ P-EBT ചൈൽഡ്കെയർ പേയ്മെന്റ് നല്കും. ഓഗസ്റ്റിൽ തുടങ്ങി 3SquaresVT-ക്ക് അർഹരായ കുടുംബങ്ങൾക്ക്, സമ്മർ P-EBT ചൈൽഡ്കെയർ ആനുകൂല്യം ഒക്ടോബറിൽ നല്കും. ഈ തീയതികൾ മാറ്റത്തിന് വിധേയമാണ്, കാലികമാക്കപ്പെട്ട FAQ-കൾക്കായി ദയവായി തുടർന്നും ഈ സൈറ്റ് പരിശോധിക്കുക.

---

**ചോദ്യം6: എന്റെ കുടുംബത്തിന് അർഹതയുണ്ടോ എന്ന് ഞാൻ എങ്ങനെ കണ്ടെത്തും?**

ഉത്തരം: മേല്പറഞ്ഞ മാനദണ്ഡത്തെ അടിസ്ഥാനപ്പെടുത്തി, താങ്കളുടെ കുട്ടിക്ക് അർഹതയുണ്ടോയെന്ന് ഇക്കണോമിക് സർവീസസ് ഡിവിഷൻ (ESD) നിർണ്ണയിക്കും. താങ്കൾ അർഹനാ(യാ)ണെങ്കിൽ, താങ്കൾക്ക് എങ്ങനെ എപ്പോൾ ഈ ആനുകൂല്യം ലഭിക്കുമെന്ന് വിശദീകരിക്കുന്ന ഒരു കത്ത് താങ്കൾക്ക് ESD-യിൽ നിന്ന് ലഭിക്കും.

**ചോദ്യം7: ഞങ്ങൾ അർഹരാണെങ്കിൽ, ഞങ്ങൾക്ക് ഈ ആനുകൂല്യങ്ങൾ എങ്ങനെയാവും ലഭിക്കുന്നത്?**

ഉത്തരം: താങ്കളുടെ 3SquaresVT ആനുകൂല്യങ്ങൾക്കുവേണ്ടി താങ്കളുടെ കുടുംബത്തിന് നല്കിയിട്ടുള്ള EBT കാർഡിന്മേലാണ് ചൈൽഡ്കെയർ P-EBT ആനുകൂല്യങ്ങൾ നല്കുന്നത്.

---

**ചോദ്യം8: എന്റെ കുട്ടിക്കുവേണ്ടിയുള്ള കസ്റ്റഡി രണ്ടു കുടുംബങ്ങളിലായി പകുത്തിരിക്കുകയാണ്. ആർക്കാണ് ഈ ആനുകൂല്യം ലഭിക്കുക?**

ഉത്തരം: ESD-യാൽ കുടുംബത്തിന്റെ 3SquaresVT കുടുംബനാഥനായി(യായി) ലിസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്ന പ്രായപൂർത്തിയായ വ്യക്തിക്കായിരിക്കും ആനുകൂല്യം അയക്കുന്നത്.

---

**ചോദ്യം9: ഈ ആനുകൂല്യം ഉപയോഗിച്ച് എനിക്ക് എന്താണ് വാങ്ങാൻ കഴിയുക?**

ഉത്തരം: USDA വെബ്സൈറ്റിലുള്ള [അർഹതയുള്ള ഭക്ഷണ സാധനങ്ങളുടെ പട്ടിക](#) കാണുക.

---

**ചോദ്യം10: എനിക്ക് എന്റെ EBT കാർഡ് എവിടെ ഉപയോഗിക്കാനാവും?**

ഉത്തരം: 3SquaresVT സ്വീകരിക്കുന്ന ഏതു സ്ഥലത്തും ഭക്ഷണം വാങ്ങുവാൻ താങ്കൾക്കത് ഉപയോഗിക്കാം. ഇതിൽ പലചരക്കു കടകൾ, സൂപ്പർമാർക്കറ്റുകൾ, കൺവീനിയൻസ് സ്റ്റോറുകൾ, വെർമോണ്ടിലെ നിരവധി കർഷക വിപണികൾ എന്നിവ ഉൾപ്പെടുന്നു. കൂടുതൽ അറിയാൻ DCF-ന്റെ [EBT വെബ് പേജ്](#) കാണുക.

---

**ചോദ്യം11: എനിക്ക് ചൈൽഡ്കെയറിൽ കുട്ടികളില്ല. എനിക്ക് ഈ ആനുകൂല്യം ലഭിക്കുമോ?**
ഉത്തരം: അതെ. ആറു വയസ്സിനു താഴെ പ്രായമുള്ളതും 3SquaresVT ലഭിക്കുന്നതുമായ എല്ലാ കുട്ടികളും അർഹരാണ്.

---

**ചോദ്യം12: എനിക്ക് ആറു വയസ്സിനു മുകളിലുള്ള വേറെ കുട്ടികളുണ്ട്. അവർ ചൈൽഡ്കെയർ P-EBT ആനുകൂല്യത്തിന് അർഹരാണോ?**
ഉത്തരം: അല്ല. 3SquaresVT ലഭിക്കുന്നതും ആറു വയസ്സിനു താഴെയുള്ളതുമായ കുട്ടികൾക്കു മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. സ്കൂൾ പ്രായത്തിലുള്ള കുട്ടികൾക്ക് ലഭ്യമായ ആനുകൂല്യങ്ങളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ദയവായി സ്കൂൾ P-EBT FAQ-കൾ കാണുക.

---

**ചോദ്യം13: എനിക്ക് ഈ ആനുകൂല്യം വേണ്ടെങ്കിലോ?**
ഉത്തരം: പങ്കാളിത്തം സ്വമേധയാ ഉള്ളതാണ്. പങ്കെടുക്കാതിരിക്കുവാനാണ് താങ്കൾ തെരഞ്ഞെടുക്കുന്നതെങ്കിൽ, താങ്കളുടെ 3SquaresVT EBT കാർഡിന്മേൽ നല്കുന്ന അധിക ആനുകൂല്യങ്ങൾ ഉപയോഗിക്കരുത്.

---

**ചോദ്യം14: P-EBT ആനുകൂല്യങ്ങൾ ഉപയോഗിച്ചില്ലെങ്കിൽ അവ കാലഹരണപ്പെടുമോ?**
ഉത്തരം: അതെ. 274 ദിവസത്തിനുള്ളിൽ കാർഡ് ഉപയോഗിച്ചില്ലെങ്കിൽ P-EBT ആനുകൂല്യങ്ങൾ കാലഹരണപ്പെടും.

---

**ചോദ്യം15: എനിക്ക് ഇനിയും ചോദ്യങ്ങളുണ്ട്. എവിടെ നിന്നാണ് എനിക്ക് കൂടുതൽ അറിയാനാവുക?**
ഉത്തരം: കൂടുതൽ വിവരങ്ങൾക്ക് https://dcf.vermont.gov/esd/covid19/P-EBT ലേക്കു പോകുക അല്ലെങ്കിൽ 1-800-479-6151 ഓപ്ഷൻ 7 ലേക്കു വിളിക്കുക.

VERMONT
AGENCY OF HUMAN SERVICES
DEPARTMENT FOR CHILDREN & FAMILIES

VERMONT
AGENCY OF EDUCATION